# UNIVERSITY OF KERALA

Thiruvananthapuram, Kerala, India – 695034

(Established as University of Travancore by the Travancore University Act in1937 and reconstituted as University of Kerala by the Kerala University Act of 1957 and presently governed by the Kerala University Act of 1974 passed by the Kerala State Legislative Assembly)

(Re-accredited by NAAC with 'A' Grade)


നം. എ.ഡി .എ **5.03/6798/ 2018** തിരുവനന്തപുരം, തീയതി : **05 .11.2018**

## പരിപത്രം

വിഷയം: സാലറി ചലഞ്ച് -സർക്കാരിന്റെ പുതുക്കിയ മാർഗനിർദേശം-കേരള സർവകലാശാലയിൽ നടപ്പാക്കുന്നത് - സംബന്ധിച്ച്.

സൂചന : 1) സ .ഉ. (അച്ചടി) നം. 144/ 2018/ധന തീയതി 11.09.2018.

2) യു ഒ.നം. എഡി .എ 5.03/6761/ 2018 തീയതി. 13.09.2018

3) 09.10.2018 ലെ ഓ.പി (കെ.എ.ടി )349/2018 എന്ന കേസിലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം

4) സർക്കുലർ നം. 99/ 2018/ധന തീയതി 31.10.2018.

സംസ്ഥാനത്ത് അപ്രതീക്ഷിതമായി സംഭവിച്ച പ്രളയക്കെടുതിയുമായി ബന്ധപ്പെട്ടുണ്ടായ നാശനഷ്ടങ്ങൾ പരിഹരിച്ച് നവകേരള സൃഷ്ടിക്കായി സർക്കാർ ജീവനക്കാരുടെ തന്നെ ആകെ ശമ്പളം പത്ത് മാസഗഡുക്കളായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന ചെയ്യുന്നതിനായി സൂചന(1)പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സൂചന(2)പ്രകാരം ഈ ഉത്തരവ് കേരള സർവകലാശാലയിൽ നടപ്പിലാക്കുകയുണ്ടായി. സൂചന(3)പ്രകാരം ബഹു.ഹൈക്കോടതിയുടെയും ബഹു.സുപ്രീംകോടതിയുടെയും ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൂചന (1) ലെ ഉത്തരവിലെ clause(10),clause(11)എന്നിവ ഒഴിവാക്കിക്കൊണ്ട് സൂചന (4)പ്രകാരം സർക്കാർ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നു. പ്രസ്തുത സർക്കുലറിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന മാർഗനിർദേശങ്ങൾ കേരള സർവകലാശാലയിൽ നടപ്പിലാക്കുന്നതിന് വൈസ് ചാൻസലർ നിർദ്ദേശം നൽകിയിരിക്കുന്നു.

1) ഒരു മാസത്തെ ആകെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നല്കുന്നതിലേക്കായി സൂചന (2)പ്രകാരം പുറപ്പെടുവിച്ച ഉത്തരവിലെ clause(10),clause(11) ഒഴികെയുള്ള എല്ലാ മാർഗനിർദേശങ്ങളും പ്രാബല്യത്തിൽ ഉണ്ടാകുന്നതാണ്. ഉത്തരവിന്റെ കൂടെയുള്ള പ്രൊഫോർമ നീക്കം ചെയ്യുന്നു.

2) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ഒരു മാസത്തെ അകെ ശമ്പളം ഒന്നായോ ഗഡുക്കളായോ - നൽകാൻ സന്നദ്ധരായവരിൽ നിന്നും സമ്മതം ഏ.ആർ.ഓഡിറ്റ് സമാഹരിച്ച് സൂക്ഷിക്കേണ്ടതാണ്. ഈ കാര്യത്തിൽ വീഴ്ച്ച വരുത്താൻ പാടില്ല. ഒരു മാസത്തെ ശമ്പളം ഒന്നായോ ഗഡുക്കളായോ നൽകാൻ സന്നദ്ധരായവർ ഇതോടൊപ്പം ചേർത്തിട്ടുള്ള സമ്മതപത്രം 2018 നവംബർ മാസം ഒൻപതാം തീയതിക്ക മുൻപായി അസിസ്റ്റന്റ് രജിസ്ട്രാർ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

3) നിലവിൽ ഒരു മാസത്തെ ആകെ ശമ്പളം സൂചന (2)പ്രകാരമുള്ള വിവിധ ഓപ്ഷനുകൾ വഴി സമ്മതം നൽകിയ പ്രകാരം നല്കിത്തുടങ്ങിയ ജീവനക്കാർ ഇനിയും പ്രത്യേകം സമ്മതം നൽകേണ്ടതില്ല. ബന്ധപ്പെട്ട ഏ.ആർ. ഓഡിറ്റുമാർ മുൻ സമ്മതപ്രകാരമുള്ള തുക കുറവ് വരുത്തേണ്ടതാണ്.

4) ഒരു മാസത്തെ ആകെ ശമ്പളം നൽകാൻ സാധിക്കാത്ത ജീവനക്കാർക്ക് അവരുടെ സാമ്പത്തികശേഷി അനുസരിച്ചുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നേരിട്ട് നൽകാവുന്നതാണ് .

5) കരാർ ജീവനക്കാർ/ദിവസവേതനക്കാർ /താൽക്കാലിക ജീവനക്കാർ എന്നിവർക്ക് അവരുടെ സാമ്പത്തികശേഷി അനുസരിച്ചുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നേരിട്ട് സംഭാവന നൽകാവുന്നതാണ്.

6) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ഒരു മാസത്തെ ആകെ ശമ്പളം സംഭാവന നൽകുന്ന സ്കീമിൽ പുതിയതായി ചേരുന്നതിന് സന്നദ്ധതയുള്ള ജീവനക്കാരിൽ നിന്നും ഒരു മാസത്തെ ആകെ ശമ്പളം ഒന്നായോ, പത്തോ അതിൽ കുറവ് ഗഡുക്കളായോ കുറവ് ചെയ്യണം.സൂചന (2) പ്രകാരം ലഭ്യമായ ഓപ്ഷനുകൾ സന്നദ്ധരാകുന്നവർക്കും ലഭ്യമായിരിക്കും.

7) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ഒരു മാസത്തെ ആകെ ശമ്പളം നൽകാൻ സാധിക്കാത്ത ജീവനക്കാർക്ക് അവരുടെ സാമ്പത്തികശേഷി അനുസരിച്ചുള്ള തുക സംഭാവന ചെയുന്നതിലേക്കായി സർവകലാശാല ക്യാഷ് കൗണ്ടറിൽ പ്രത്യേക അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. നേരിട്ടോ സർവകലാശാല ക്യാഷ് കൗണ്ടർ വഴിയോ സംഭാവന നൽകിയിട്ടുള്ളവർ രസീത് ഓഡിറ്റ് സെക്ഷനിൽ ഹാജരാക്കി വരുമാന നികുതി ഇളവുനേടേണ്ടതാണ് .

ഈ സർക്കുലറിലെ നിർദേശങ്ങൾ ബന്ധപ്പെട്ട എല്ലാവരുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

ഒപ്പ് /-

**രജിസ്ട്രാർ (ഇൻ - ചാർജ് )**

പകർപ്പ് :

(1) വി .സി /പി. വി. സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്

(2) രജിസ്ട്രാർ/ എഫ് .ഒ/ സി .ഇ / ഡി.പി .ഡി എന്നിവരുടെ പി .എ മാർക്ക്

(3 ) എല്ലാ വകുപ്പ് മേധാവികൾക്കും

(4) എല്ലാ ജെ .ആർ മാർക്കും

(5) സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി